## 1186

*'I need Thee every hour'*

1 നീ കൂടെ പാർക്കുക എൻയേശു രാജനേ!
നിൻ ദിവ്യപ്രതിമ എന്നിൽ തികയ്ക്കുകേ

നീ കൂടെ പാർത്തിടേണം നിത്യം കാത്തിടേണം
എപ്പോഴും നിറയ്ക്കേണം നിൻ ആത്മാവാൽ

2 നീ കൂടെ പാർക്കുക സാത്താൻ പരീക്ഷിക്കിൽ
ഒരാപത്തും ഇല്ലാ നിൻ സന്നിധാനത്തിൽ-

3 നീ കൂടെ പാർക്കുക ഈ ലോകമദ്ധ്യത്തിൽ
നീ പ്രാപ്തൻ രക്ഷകാ കാപ്പാൻ നിൻ സത്യത്തിൽ

4 നീ കൂടെ പാർക്കുക എന്നാൽ കഷ്ടത്തിലും
ഞാൻ ക്ഷീണത വിനാ നിൻ സ്നേഹം പുകഴ്ത്തും-

5 നീ കൂടെ പാർക്കുക വിശ്വാസസാക്ഷിക്കായ്
എപ്പോഴും ധൈര്യം താ-താ ജ്ഞാനത്തിന്റെ വായ്-

6 നീ കൂടെ പാർക്കുക എന്നിൽ ഒരറിവും
ഇല്ല നിന്നിലല്ലാതില്ലൊരു കഴിവും-

7 നീ കൂടെ പാർക്കുക വിട്ടാലും ഏവരും
നീ എന്നെ കൈവിടാതെന്നേക്കും സ്നേഹിക്കും-

8 നീ കൂടെ പാർക്കുക വന്നാലും മരണം
എൻജീവനായക! നീ അന്നും ശരണം- V.N.